(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുല്ലപ്പെരിയാർ പ്രശ്നത്തെക്കുറിച്ച് തമിഴ്നാടുമായി ചർച്ച

9 (*3) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ്ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നത്തെക്കുറിച്ച് ചർച്ച ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനകം തമിഴ്നാടും കേരളവും തമ്മിൽ എത്ര ചർച്ചകൾ നടത്തി ;

(സി) ഈ ചർച്ചകളിൽ ഏതെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രശ്നങ്ങളിൽ ;

(ഡി) ഇരു സംസ്ഥാനങ്ങളും തമ്മിൽ പ്രധാനമായും തർക്ക വിഷയമായിട്ടുള്ളവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ&ബി) ഉണ്ട്. മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നത്തിന്മേൽ 13-8-1998-ൽ തിരുവനന്തപുരത്തുവച്ച് ഒരു ചർച്ച നടന്നു. 28-1-1996-ൽ ചെന്നൈയിൽ വച്ചുനടന്ന അന്തർ സംസ്ഥാന ചർച്ചയിലും ഈ പ്രശ്നം ഉന്നയിക്കപ്പെട്ടിരുന്നു.

(സി&ഡി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഇപ്പോഴുള്ള 136 അടിയിൽ നിന്ന് ഡാമിന്റെ എഫ്.ആർ.എൽ.ആയ 152 അടിയിലേക്ക് ഉയർത്താൻ അനുവദിക്കണമെന്നും ബേബിഡാം ബലപ്പെടുത്താൻ അനുവാദം നൽകണം എന്നുമാണ് തമിഴ്നാടിന്റെ ഇപ്പോഴുള്ള പ്രധാന ആവശ്യങ്ങൾ. ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഡാമിന്റെ ഇപ്പോഴത്തെ സ്ഥിതി പഠിക്കുന്നതിനുവേണ്ടി, ഇരു സംസ്ഥാനങ്ങളും വെവ്വേറെ സാങ്കേതിക കമ്മിറ്റികൾ രൂപീകരിക്കാനും ഈ റിപ്പോർട്ടുകൾ പഠിച്ചശേഷം ചർച്ചകൾ പുനഃരാരംഭിക്കാനും തീരുമാനിച്ചു. ഈ പ്രശ്നത്തിൽ പരിഹാരമൊന്നും ഉണ്ടായിട്ടില്ല.

പോലീസ് ബലപ്രയോഗങ്ങളും ലാത്തിചാർജ്ജും

10(*4) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : തഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2000 ജനുവരി 1 മുതൽ ഫെബ്രുവരി 7 വരെ ഏതെല്ലാം സ്ഥലങ്ങളിൽ പോലീസ് ബലപ്രയോഗങ്ങളും ലാത്തിചാർജ്ജും നടന്നിട്ടുണ്ട് ;

(ബി) ഇതിന്റെ ഫലമായി എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് ;

(സി) 2000 ഫെബ്രുവരി 3-ന് തിരുവനന്തപുരത്ത് യു.ഡി.എഫ് നേതാക്കൾ നയിച്ച മാർച്ച് പോലീസ് തടയുകയും ബലപ്രയോഗം നടത്തുകയും ചെയ്തിട്ടുണ്ടോ ;

(ഡി) ഇതിൽ ആർക്കെല്ലാം പരിക്കേറ്റിട്ടുണ്ട് ;

(ഇ) എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു ; അവർ ആരെല്ലാം ;

(എഫ്) 2000 ജനുവരി 1 മുതൽ ഫെബ്രുവരി 7 വരെയുണ്ടായ പോലീസ് ബലപ്രയോഗവും ലാത്തിചാർജ്ജിനെയും തുടർന്ന് എടുത്ത കേസ്സുകളിൽ പ്രതികളാക്കിയിട്ടുള്ളവർ ആരെല്ലാം ;

(ജി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ഇവർക്കെതിരെ കേസ്സുകൾ എടുത്തിട്ടുള്ളത് ;

(എച്ച്) ഏതെല്ലാം സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് രാഷ്ട്രീയ കക്ഷികൾ ആവശ്യപ്പെട്ടിട്ടുണ്ട് ; ഇതിന്മേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഐ) തിരുവനന്തപുരത്തും കൊല്ലത്തും നടന്ന സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) 7-2-2000-ത്തിന് കൊല്ലം പോലീസ് സൂപ്രണ്ട് ആഫീസിലേക്ക് യൂത്ത് കോൺഗ്രസ് (ഐ) പ്രവർത്തകർ നടത്തിയ മാർച്ച് അക്രമാസക്തമാവുകയും പോലീസിന് നേരെ രൂക്ഷമായ കല്ലേറ് നടക്കുകയും ചെയ്തപ്പോൾ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയിട്ടുണ്ട്.

(ബി) 35 പോലീസ് ഉദ്യോഗസ്ഥർക്കും 52 ഓളം യൂത്ത് കോൺഗ്രസ്(ഐ) പ്രവർത്തകർക്കും പരിക്കു പറ്റിയിട്ടുണ്ട്.

(സി-ഇ) 3-2-2000-ത്തിന് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസിലേയ്ക്ക് യു.ഡി.എഫ് പ്രവർത്തകർ ഒരു മാർച്ച് നടത്തിയിരുന്നു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി മെൻസ് ഹോസ്റ്റലിനു തെക്കുവശമുള്ള ടെലിഫോൺ ബൂത്ത് റോഡിൽ വച്ച് പ്രകടനക്കാരെ പോലീസ് പാർട്ടി നിയമാനുസൃതം തടഞ്ഞു. പോലീസ് പാർട്ടിയെ തള്ളിമാറ്റി തെരഞ്ഞെടുപ്പു കമ്മീഷൻ ആഫീസിലേക്ക് മുന്നോട്ടു നീങ്ങാൻ യു.ഡി.എഫ് പ്രവർത്തകർ ശ്രമിക്കുകയും തുടർന്ന് ഉന്തും തള്ളും ഉണ്ടാകുകയും ചെയ്തു. ഇതിൽപ്പെട്ട് ശ്രീ. ടി. എം. ജേക്കബ് എം.എൽ.എ.ക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടാവുകയും തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയും ചെയ്തു. ശ്രീ. ജോണി നെല്ലൂർ എം.എൽ.എ.യുടെ വലതുകാലിൽ പെരുവിരലിന് ചതവുപറ്റിയതായും അറിവായിട്ടുണ്ട്. പ്രകടനക്കാരുടെ ബലപ്രയോഗത്തിന്റെ ഫലമായി മ്യൂസിയം, കന്റോൺമെന്റ് സർക്കിൾ ഇൻസ്പെക്ടർമാർക്കും, മ്യൂസിയം സബ് ഇൻസ്പെക്ടർക്കും 4 പോലീസ് കോൺസ്റ്റബിൾമാർക്കും പരിക്കുപറ്റുകയും അവരെ തിരുവനന്തപുരം ജനറലാശുപത്രിയിൽ ചികിത്സിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്&ജി) 7-2-2000-ത്തിലെ കൊല്ലം സംഭവത്തിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ഐ.പി.സി, 143, 147, 148, 332, 326, 149 എന്നീ വകുപ്പുകൾ പ്രകാരവും പി.ഡി.പി.പി. ആക്ട് സെക്ഷൻ 3(2) (സി) പ്രകാരവും കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 115/2000 ആയി കേസ് എടുത്തിട്ടുണ്ട്.

(എച്ച്&ഐ) വിവിധ രാഷ്ട്രീയ കക്ഷികളുടെ അഭ്യർത്ഥനയെ മാനിച്ച് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. പി. നാരായണൻ നായരെ, കൊല്ലത്ത് 19-1-2000-ത്തിന് എ.ഐ.എസ്.എഫ് പ്രവർത്തകരുടെ മാർച്ചിന് നേരെയും 7-2-2000-ത്തിന് യൂത്ത് കോൺഗ്രസ് മാർച്ചിന് നേരെയും പോലീസ് നടത്തിയതായി ആരോപിക്കപ്പെടുന്ന ബലപ്രയോഗത്തെക്കുറിച്ചും അന്വേഷിക്കാൻ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

കൊല്ലം എസ്. എൻ. കോളേജിലെ സമരം

11(*5) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്. എൻ കോളേജിന് സംരക്ഷണം നൽകുവാൻ ഹൈക്കോടതി നിർദ്ദേശം ഉണ്ടായിരുന്നുവോ ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ആയിരുന്നു ഹൈക്കോടതി നൽകിയത് ;

(ബി) കൊല്ലം. എസ്. എൻ. കോളേജ് പ്രിൻസിപ്പാളിനെ മണിക്കൂറുകളോളം ബന്ദിയാക്കി വച്ച് നിർബന്ധപൂർവ്വം കരാറിൽ ഒപ്പിടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എസ്.എഫ്.ഐ, സി.പി.എം. പ്രവർത്തകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; കേസിലെ പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രിൻസിപ്പാളിനെ മോചിപ്പിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും പോലീസ് സ്വീകരിച്ചില്ല എന്ന എസ്.എൻ.ഡി.പി യോഗം നേതാക്കളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly